**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 706** **08-10-2024 - ൽ മറുപടിയ്ക്ക്**

**മരവട്ടം- കാടാമ്പുഴ സബ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം- കാടാമ്പുഴ 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം - കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണത്തിന്റെ ഭാഗമായി സബ്സ്റ്റേഷന്റെ ഭൂമി നിലം നിരപ്പാക്കലും ചുറ്റമതിലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നിലവിൽ പുരോഗമിക്കുകയാണ്. |
| (ബി) | സബ് സ്റ്റേഷനിലേക്കുള്ള 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് യാഥാർഥ്യമാക്കാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | മലാപറമ്പ് കുറ്റിപ്പുറം 110 കെ വി ലൈനിൽ നിന്നും Line In Line Out (LILO) നിർമ്മിച്ചു കൊണ്ടുള്ള കാടാമ്പുഴ സബ്സ്റ്റേഷനിലേക്കുള്ള 110കെ.വി. ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ലൈൻ നിർമ്മാണത്തിന് ആവശ്യമായ ടവറുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മൊത്തം 23 ടവറുകളിൽ 20 ടവറുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. 3 ടവറുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. മരങ്ങൾ മുറിച്ച് മാറ്റുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.<br><br>കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി 2025 മെയ് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ